**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5356** | **03-11-2021 - ൽ മറുപടിയ്ക്ക്**

**പീഡന പരാതികൾക്കായുള്ള ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പീഡന പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ആഫീസുകളിൽ രൂപീകരിച്ചിട്ടുള്ള ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) | എ) 2018-ൽ വനിത ശിശു വികസന വകുപ്പ് രൂപീകൃതമായ സമയത്ത് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമം (തടയലും നിരോധിക്കലും പരിഹാരവും) നിയമം 2013 പ്രകാരം 10ഉം അതിലധികം ജീവനക്കാർ തൊഴിലെടുക്കുന്ന എല്ലാ സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഇന്റേണൽ കമ്മിറ്റിയിലെ മെമ്പർമാരുടെ വിവരങ്ങൾ വനിത ശിശു വികസന വകുപ്പിനെ അറിയിക്കുന്നതിനും പത്രമാധ്യമങ്ങൾ വഴി അറിയിപ്പ് നൽകിയിരുന്നു. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമ പരാതികൾ പരിഹരിക്കുന്നതിന് നിയമം അനുശാസിക്കുന്നത് പ്രകാരം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ലോക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിനും മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നതിനും അറിയിപ്പ് നൽകിയിരുന്നു. കൂടാതെ 2018 ഡിസംബർ 31 നകം ഇന്റേണൽ കമ്മിറ്റി രൂപീകരിക്കാത്ത വകുപ്പുകൾ/ കാര്യാലയങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും, ഇന്റേണൽ കമ്മിറ്റികളുടെ പൂർണ്ണമായ വിവരശേഖരണം നടത്തുന്നതിനും ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ കണ്ടെത്തി നോട്ടീസ് നൽകുന്നതിനും വകുപ്പിലെ എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരം കമ്മിറ്റികൾക്ക് ശിക്ഷാ നടപടികൾ സ്വീകരിക്കുവാനുള്ള അധികാരമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ബി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമം (തടയലും നിരോധിക്കലും പരിഹാരവും) നിയമം 2013-വകുപ്പ് 13 പ്രകാരം ഒരു ജീവനക്കാരൻ കുറ്റക്കാരനാണെന്ന് കണ്ടെത്തുന്ന പക്ഷം ഇത്തരം കമ്മിറ്റികൾക്ക് |

| | | | |
|---|---|---|---|
| | | | ജീവനക്കാരനെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് കാര്യാലയ മേധാവിക്ക് ശിപാർശ നൽകാൻ കഴിയുന്നതാണ്. ഈ ഘട്ടത്തിൽ കമ്മിറ്റി ശേഖരിച്ച എല്ലാ വിവരങ്ങളുടെയും അവലോകനം നടത്തുകയും പരാതി പരിഹരിക്കാനാവശ്യമായ എല്ലാ വിവരങ്ങളും ശേഖരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. പരാതിയിന്മേലുള്ള ന്യായാന്യായങ്ങൾ നിർണ്ണയിച്ചതിന് ശേഷം ഉള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കമ്മിറ്റി മതിയായ ശിപാർശ ചെയ്യേണ്ടതും, പ്രസ്തുത ശിപാർശയിൽ ഇനിപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്. 1) പരാതി സ്വീകരിക്കാൻ സാധിക്കാത്ത പക്ഷം ഒരു നടപടിയും ഇല്ല എന്നും, 2) പരാതി സ്വീകരിക്കാൻ സാധിക്കുന്ന പക്ഷം സർവ്വീസ് ചട്ടങ്ങൾക്കും നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി ശാസന മുതൽ പിരിച്ചു വിടുന്നതു വരെയുള്ള ശിക്ഷണ നടപടികളും, 3) പരാതിക്കാരിക്ക് അർഹിക്കുന്ന സാമ്പത്തിക നഷ്ട പരിഹാരം നൽകുന്നതിനായി പരാതിക്കാരി അനുഭവിച്ച മാനസികാഘാതം, വേദന, ചികിൽസാപരമായ ചെലവ്, തൊഴിൽ അവസരത്തിലെ നഷ്ടം, എതിർകക്ഷിയുടെ വരുമാനം എന്നിവ കൂടി കണക്കിലെടുത്തു വേണം നഷ്ട പരിഹാരത്തിന് ശിപാർശ ചെയ്യേണ്ടത്. 4) മേൽ പ്രസ്താവിച്ചതിന് പുറമെ തൊഴിലിടങ്ങളിലുണ്ടാകുന്ന ലൈംഗികാതിക്രമങ്ങൾക്ക് എതിരെ അധികമായി ശിപാർശകൾ നൽകാനുണ്ടെങ്കിൽ അത്തരം ശിപാർശകൾ നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ